ഫെബ്രുവരി 10, 2014

# മോഡിയുടെ റാലികൾ രാജ്യത്തിന്റെ മാനസികാവസ്ഥ

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

പോയവാരം ബിജെപിക്കും നരേന്ദ്ര മോദിക്കും തിരക്കേറിയതായിരുന്നു. ശനിയാഴ്ച അദ്ദേഹം ഇംഫാലിലും ഗുവാഹതിയിലും ഒടുവിൽ ചെന്നൈയിലും റാലികളെ അഭിസംബോധന ചെയ്യുകയായിരുന്നു. ഞായറാഴ്ച ആദ്യത്തെ പരിപാടി ചെന്നൈയിൽ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലായിരുന്നു. പിന്നീട് കേരളത്തിൽ കൊച്ചിയിൽ പുലയർ മഹാ സഭയുടെയും തിരുവനന്തപുരത്ത് ബിജെപിയുടെയും പരിപാടികളിൽ പങ്കെടുത്തു.

ഈ പരിപാടികളിലെയെല്ലാം ശ്രദ്ധേയമായ കാര്യം നരേന്ദ്രമോദിക്കു കിട്ടിയ സദസിന്റെ അസാധാരണമായ പ്രതികരണമായിരുന്നു. ഇംഫാലിൽ നടന്ന റാലി മണിപ്പൂർ കണ്ടിട്ടുള്ളതിൽവെന്ന് ഏറ്റവും മികച്ചതും ബൃഹത്തുമായ രാഷ്ട്രീയ റാലിയായിരുന്നു. ബിജെപിക്ക് മണിപ്പൂരിൽ അത്ര മികച്ച സംഘടനാ ശേഷിയൊന്നുമില്ലാത്തയിടമാണ്. എന്നിട്ടുപോലും മോദി അത്രയും ആളുകളെ ആകർഷിച്ചത് അസാധാരമായ കാര്യമാണെന്നു മാത്രമല്ല, അതു ഇന്നത്തെ രാജ്യത്തിന്റെ മാനസികാവസ്ഥയാണു കാണിക്കുന്നത്. അദ്ദേഹം വൻതോതിൽ പാർട്ടി പൊതു യോഗങ്ങളിൽ ആളെ ആകർഷിച്ചു. ഗുവാഹതിയിലും ചെന്നൈയിലും കേരളത്തിലും ഇതു ദൃശ്യമായി. ബിജെപിക്കു മുൻകാലങ്ങളിൽ കാര്യമായി പിന്തുണ കിട്ടാത്ത വിഭാഗങ്ങളിൽനിന്നും മോദി വൻ പിന്തുണ നേടി. അവർ മോദിയെ ആവേശപൂർവം പരിപാടികൾക്കു ക്ഷണിച്ചു. അവരുടെ പ്രതികരണം ആവേശദായകമായിരുന്നു.

കോൺഗ്രസിനോടുള്ള എതിർപ്പുപ്രകടമാകുന്ന സ്ഥിതിവിശേഷം ഇന്നുണ്ട്. ജനങ്ങൾ പ്രതീക്ഷയോടെ ഒരു ആശാകിരണം കാക്കുകയാണ്. അവർ പ്രതീക്ഷിക്കുന്നത് മോദി പ്രതിനിധീകരിക്കുന്നില്ലേ? ജനങ്ങൾക്കു വേണ്ടത് പുരോഗതിയിലേക്കു നയിക്കുന്ന ഒരു വലിയ നേതാവിനെയാണ്. അവർ ആർജ്ജവത്തെ പുനർ നിർവചിക്കാനാഗ്രഹിക്കുന്നു. വിലക്കയറ്റം, തൊഴിലില്ലായ്മ, സാമ്പത്തിക സ്തംഭനം തുടങ്ങിയവ അവരെ അലോസരപ്പെടുത്തുന്നു. ഇക്കാരണത്താലാണ് ബിജെപിക്കു കരുത്തുകൂടിയ രാജ്യത്തിന്റെ വടക്ക്, കിഴക്ക്, മധ്യഭാഗങ്ങളിൽ മോദിയുടെ യോഗങ്ങളിൽ അസാധരാണമായ ജനാവലിയുടെ പിന്തുണ ഉണ്ടാകുന്നത്. പക്ഷേ, പരമ്പരാഗതമായി ബിജെപി അത്രയൊന്നും ശക്തമല്ലാത്ത പ്രദേശങ്ങളിൽ മുമ്പില്ലാത്ത ഈ പിന്തുണ എന്തുകൊണ്ടാണ്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ബംഗാളിലും ആന്ധ്രയിലും തമിഴ്നാട്ടിലും കേരളത്തിലും തിങ്ങിക്കൂടുന്ന ഈ ജനക്കൂട്ടം എന്താണു ദ്യോതിപ്പിക്കുന്നത്. ഈ പ്രവണത കാണിക്കുന്നത് മറ്റെന്തൊക്കെയോ അല്ലേ?

ഈ ജനക്കൂട്ടം ആകാശത്തുനിന്നു വന്നു വീണതൊന്നുമല്ല. ഇതെല്ലാം ശക്തമായ അടിയൊഴുക്കുകളാണ്. അതിനടിസ്ഥാനം ക്ഷോഭവും പ്രതീക്ഷയുമാണ്. ജനങ്ങൾ നിലവിലെ സ്ഥിതിയിൽ ക്ഷുഭിതരാണ്. അവർ മാറ്റം ആഗ്രഹിക്കുന്നു. മോദി ആ മാറ്റത്തിനു കാരണമാകുന്നു, ആ മാറ്റം അവർക്കു ക്ഷേമം നൽകുമെന്നവർ പ്രതീക്ഷിക്കുന്നു. മോദിക്കുള്ള ഈ രാഷ്ട്രീയ പിന്തുണ ഈ തെരഞ്ഞെടുപ്പിനെ മോദി വിലയിരുത്തലാക്കി മാറ്റേണ്ടതുണ്ട്. അദ്ദേഹത്തിനതിനു കഴിഞ്ഞാൽ ഈ അടിയൊഴുക്കു സീറ്റുകളായി മാറും. വിവിധ സമൂഹങ്ങളുടെ പിന്തുണ അതതു സംസ്ഥാനങ്ങളിൽ ബിജെപിക്കുള്ള ശക്തിയേക്കാൾ കൂടുതലാണ്. നിങ്ങൾ ഈ മേഖലകളിൽ ഒരു സന്തോഷകരമായ ആതഭുതത്തിനു തയ്യാറാണോ?